മൈസൂർ-കോഴിക്കോട് 400 കെ.വി. ലൈൻ നിർമ്മാണം 2015 ആഗസ്റ്റ് മാസത്തോടെ പൂർത്തീകരിക്കുമെന്ന് കരുതുന്നു. പുഗലൂർ-മാടക്കത്തറ 320 കെ.വി. ലൈനിന്റെ പണി 2019-ഓടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

വിലക്കയറ്റം പിടിച്ചുനിർത്താൻ സഹകരണമേഖലയുടെ പ്രവർത്തനങ്ങൾ

7 (*37) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിത്യോപയോഗ സാധനങ്ങൾ വില കുറച്ച് നൽകാനായി സഹകരണ മേഖലയെ പ്രയോജനപ്പെടുത്തിയത് എപ്രകാരമാണെന്ന് വിശദമാക്കാമോ ;

(ബി) ഇതിനായി സഹകരണ സംഘങ്ങളും കൺസ്യൂമർഫെഡും നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ ;

(സി) നിത്യോപയോഗ സാധനങ്ങൾ വിലകുറച്ച് നൽകുന്നതിനായി ഏതെല്ലാം തരത്തിലുള്ള സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട് ; വിശദമാക്കാമോ ;

(ഡി) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചുനിർത്താൻ സഹകരണ മേഖലയുടെ പ്രവർത്തനങ്ങൾ എത്രമാത്രം സഹായിച്ചിട്ടുണ്ട് ; വിശദമാക്കാമോ ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) :

(എ) പൊതു വിപണിയിലെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനായി പൊതുവിപണിയിൽ നിന്നും 20% വരെ വില കുറച്ച് നന്മ സ്റ്റോറുകളിലൂടെയും, വില വർദ്ധനവിന് കൂടുതൽ സാദ്ധ്യതയുള്ള ഉത്സവകാലങ്ങളിൽ കൺസ്യൂമർ മേഖലയിലെ അപ്പക്സ് സ്ഥാപനമായ കൺസ്യൂമർ ഫെഡിന്റെ സഹകരണത്തോടെ നടത്തുന്ന സബ്സിഡി വിപണന മേളകളിലൂടെയും അവശ്യസാധനങ്ങൾ വില കുറച്ച് വിപണനം നടത്തുന്നതിനുള്ള നടപടികളാണ് സഹകരണ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ വർഷം മുഴുവൻ അവശ്യ സാധനങ്ങൾ 20% വരെ വില കുറച്ച് നന്മ സ്റ്റോറുകളിലൂടെ വിതരണം ചെയ്യുവരുന്നു. ഇവയിൽ കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന നന്മ സ്റ്റോറുകളും സഹകരണ സംഘങ്ങൾ മുഖാന്തിരം നടത്തുന്ന നന്മ സ്റ്റോറുകളും ഉൾപ്പെടുന്നു. കൂടാതെ കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ ഫെഡറേഷൻ നേരിട്ടും സഹകരണ സംഘങ്ങൾ മുഖേനയും വിലക്കയറ്റത്തിന് സാധ്യതയേറിയ ഉത്സവകാലങ്ങളിൽ പ്രത്യേക സബ്സിഡി വിപണന മേളകളും കാലാകാലങ്ങളിൽ സംഘടിപ്പിച്ചുവരുന്നു.

(സി) നിത്യോപയോഗ സാധനങ്ങൾ സാധാരണക്കാർക്ക് വില കുറച്ച് ലഭ്യമാക്കുന്നതിലേയ്ക്കായി നന്മ സ്റ്റോറുകൾ സംസ്ഥാന വ്യാപകമായി ആരംഭിച്ചിട്ടുണ്ട്. ഇവയിലൂടെ വർഷം മുഴുവൻ പൊതു വിപണിയെക്കാൾ വിലകുറച്ച് സാധനങ്ങൾ ലഭ്യമാക്കുന്നുണ്ട്.

(ഡി) വിലവർദ്ധനവിന് ഏറ്റവും സാധ്യതയുള്ള ഉത്സവകാലങ്ങളിൽ നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയിൽ നിന്നും 20% വരെ കുറഞ്ഞ നിരക്കിൽ സബ്സിഡി വിപണന മേളകളിലൂടെയും വർഷം മുഴുവനും 20% വിലക്കുറവിൽ നന്മ സ്റ്റോറുകളിലൂടെയും വിപണനം നടത്തുന്നതിലൂടെ പൊതു വിപണിയിൽ നിത്യോപയോഗ സാധനങ്ങൾക്ക് 15% മുതൽ 50% വരെ വിലകുറയുവാൻ ഇടയാക്കിയിട്ടുണ്ടെന്നും വിലയിരുത്തിയിട്ടുണ്ട്.

റെയിൽ വികസനത്തിനും ഗതാഗതത്തിനും സർവ്വേകൾ

8 (*38) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ റെയിൽ വികസനത്തിനും ഗതാഗതത്തിനും ഏറെ പ്രയോജനകരമാവുന്ന ഏതെല്ലാം സർവ്വേകൾ പൂർത്തീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(ബി) ഇത്തരത്തിൽ സർവ്വേ പൂർത്തിയാക്കിയ പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly